# വചനസുമം

ഡിസംബർ 2021





Merry Christmas

# വചനവിചിന്തനങ്ങൾ


**യോഹന്നാന്റെ ജനനം** 03

ബ്ര. ഡെറിൻ ജോസ് ഒ.ഐ.സി.

**മാർ യൗസേപ്പിനുണ്ടായ ദർശനം** 06

ബ്ര.അലക്സിസ് പെല്ലിശ്ശേരി ഒ.ഐ.സി

**യൽദായ്ക്കു മുമ്പുള്ള ഞായർ** 09

ബ്രദർ ലിൻസൺ മാത്യു ഒഐസി

**യൽദാപ്പെരുന്നാൾ** 12

ബ്ര. ജോൺ ബിബിൻ ദാസ് ഒ.ഐ.സി

**യൽദായ്ക്കു ശേഷം ഒന്നാം ഞായർ** 15

ബ്ര. മാർട്ടിൻ മാത്യു ഒ.ഐ.സി

# യോഹന്നാന്റെ ജനനം

ലൂക്കാ 1: 57-66

ബ്രദർ. ഡെറിൻ ജോസ് ഒ.ഐ.സി.

## യോഹന്നാന്റെ ജനനം: ദൈവീക പദ്ധതിയുടെ ആവിഷ്കാരം

ഇരുപത്തിയഞ്ചു നോമ്പിലെ ആദ്യ ഞായറാഴ്ച തിരുസഭ ധ്യാനിക്കുന്നത് വി.സ്നാപക യോഹന്നാന്റെ ജനനത്തെ പറ്റിയാണ്. രക്ഷകനു വഴിയൊരുക്കുക എന്ന സവിശേഷമായ ദൗത്യവും പേറിയാണ് യോഹന്നാൻ ഭൂമിയിലേക്ക് പിറന്നു വീഴുന്നത്. വൃദ്ധരായ സഖറിയ പുരോഹിതനും എലിസബത്തിനും ദൈവകരുണ സംലഭ്യമായതിന്റെ സന്തോഷവും യോഹന്നാന്റെ ജനനം പങ്കുവയ്ക്കുന്നു. ഇതുവഴി ദൈവത്തിന് അസാധ്യമായതൊന്നുമില്ല എന്ന സത്യം ചരിത്രത്താളുകളിൽ ഒരിക്കൽ കൂടി ആലേഖനം ചെയ്യപ്പെടുന്നു.

യോഹന്നാന്റെ ജനനവും, എട്ടാം ദിവസം നടന്ന പരിച്ഛേദന കർമ്മവും, പേരിടൽ ചടങ്ങും ഈ സുവിശേഷഭാഗത്തിൽ പ്രതിപാദിക്കുന്നു. പരിച്ഛേദന ദിവസത്തെ സംഭവവികാസങ്ങൾ സഖറിയായ്ക്കു ലഭിച്ച അറിയിപ്പിന്റെ പൂർത്തീകരണമായിരുന്നു. അറിയിപ്പ് അവിശ്വസിച്ചതുമൂലം ലഭിച്ച മൂകത അറിയിപ്പു നിറവേറ്റുന്നതുവഴി സഖറിയായിൽ നിന്നു നീങ്ങിപ്പോകുന്നു. സന്തോഷത്തിന്റെയും, ദൈവീക പദ്ധതിയുടെ വെളിപാടിന്റെയും അനുഭവം സുവിശേഷഭാഗം പങ്കുവയ്ക്കുന്നു

ഇസ്രായേലിന്റെ പാരമ്പര്യത്തിൽ പുത്രസൗഭാഗ്യം ദൈവകരുണയായിട്ടാണു കണ്ടിരുന്നത്. സന്താനമില്ലാത്ത ദമ്പതിമാർ ദൈവകോപമോ, ശാപമോ ഏറ്റവരാണന്ന് ഇസ്രായേൽക്കാർ വിശ്വസിച്ചിരുന്നു. ഇവിടെയാണ് പ്രതീക്ഷകളുടെ വെട്ടം തീരെയില്ലാതിരുന്ന വാർദ്ധക്യത്തിന്റെ നെറുകയിൽ സഖറിയാ-എലിസബത്ത് ദമ്പതികൾക്കു പുത്രസൗഭാഗ്യം ലഭിക്കുന്നത്. പഴയനിയമത്തിലും അസാധ്യമായ ചില പുത്രസൗഭാഗ്യങ്ങൾ നാം കാണുന്നുണ്ട്. വന്ധ്യ എന്നു വിളിക്കപ്പെട്ടിരുന്ന സാറാ, റാഫേൽ, ഹന്നാ എന്നിവർക്കു ലഭിച്ച പുത്രസൗഭാഗ്യം ദൈവകരുണയുടെ അടയാളമാണ്. ഇതേ ദൈവകരുണ ക്രിസ്തുവിനു വഴിയൊരുക്കുവാൻ നിയോഗിക്കപ്പെട്ട യോഹന്നാന്റെ ജനനത്തിലും കാണുവാൻ സാധിക്കും . അവന്റെ ജനനം പ്രവചനങ്ങളുടെയും, അറിയിപ്പുകളുടെയും പൂർത്തീകരണമായിരുന്നു. മലാക്കി പ്രവാചകൻ വഴിയൊരുക്കുവാൻ വരുന്നവന്റെ ജനനം പ്രവചിച്ചിരുന്നു, "എനിക്കു മുൻപേ വഴിയൊരുക്കുവാൻ ഇതാ ഞാൻ എന്റെ ദൂതനെ അയയ്ക്കുന്നു" (മലാക്കി 3:11). യോഹന്നാന്റെ ജനനത്തെ പറ്റി ദൂതൻ നൽകുന്ന അറിയിപ്പ് വി.ലൂക്കോസിന്റെ സുവിശേഷത്തിൽ നാം കാണു

ന്നു (ലൂക്കാ 1 :12 -20) . എന്നാൽ, പുരോഹിതനായിരുന്നിട്ടും പ്രവചനങ്ങളെയും, അറിയിപ്പിനെയും സഖറിയാ അവിശ്വസിക്കുന്നു. അതിനാൽ അവൻ മൂകനായി തീരുന്നു. എന്നാൽ എട്ടാം ദിവസം യോഹന്നാന്റെ പേരിടൽ ചടങ്ങിൽ ദൂതൻ നിർദ്ദേശിച്ച യോഹന്നാൻ എന്ന പേരു നൽകുന്നതു വഴി സഖറിയായുടെ മൂകത നീങ്ങിപ്പോകുന്നു.

പ്രധാനമായും രണ്ടു സന്ദേശങ്ങളാണ് ഈ സുവിശേഷഭാഗം നമ്മോട് പങ്കുവയ്ക്കുന്നത്. ഒന്ന്, ഓരോ ജനനവും ദൈവീകപദ്ധതിയാണ്. ഇന്നത്തെ പഴയനിയമവായനകളിൽ മോശയുടെ ജനനത്തെപ്പറ്റിയും (പുറ 2 :1 -10), സാമുവേലിന്റെ ജനനത്തെപ്പറ്റിയും പ്രതിപാദിക്കുന്നു (1 സാമു 1 :19 -28). ഈ രണ്ടു ജനനവും അനന്യസാധാരണമായ ഒരു ദൈവവിളിയുടെ ആരംഭമായിരുന്നു. അടിമത്തത്തിൽനിന്ന് ഇസ്രായേൽ ജനത്തെ നയിക്കാൻ മോശയെയും, മ്ലേച്ഛതയിൽ നിന്നും ദൈവനിഷേധത്തിൽ നിന്നും ഇസ്രായേൽജനത്തെ നയിക്കാൻ സാമുവേൽ പ്രവാചകനെയും തിരഞ്ഞെടുക്കുന്നതും നാം പഴയനിയമത്തിൽ കാണുന്നു. കൊല്ലപ്പെടുമായിരുന്ന സാഹചര്യത്തിൽ നിന്നും സുരക്ഷിതത്തിന്റെ കൈകളിലേക്ക് മോശയെ ദൈവം വീണ്ടെടുക്കുമ്പോൾ, വന്ധ്യയെന്ന് അപമാനമേറ്റവളിൽ പുത്രസൗഭാഗ്യം നൽകിയാണ് ദൈവം സാമുവേലിനെ തിരഞ്ഞെടുക്കുന്നത്. ദൈവത്തിന്റെ തിരഞ്ഞെടുപ്പുകളിൽ ഈ അസാധാരണത്വം എപ്പോഴും നിഴലിക്കുന്ന ഭാവമാണ്. ഇതുവഴി ഓരോ ജനനവും ദൈവീകപദ്ധതി പ്രകാരമാണെന്നും, ദൈവകരുണയുടെ അനുഭവമാണെന്നും തിരുസഭാമാതാവ് നമ്മെ പഠിപ്പിക്കുന്നു.

രണ്ടാമതായി, നാം വിളിച്ചുചേർക്കപ്പെട്ടിരിക്കുന്ന വിളിയുടെ ആഴത്തെപറ്റിയുള്ള ചിന്ത ഇന്നത്തെ വേദഭാഗം പങ്കുവയ്ക്കുന്നു. ക്രിസ്തുവിനു വഴിയൊരുക്കുവാൻ യോഹന്നാനെയും, അമ്മയാകുവാൻ പരിശുദ്ധ മറിയത്തെയും, അപ്പനാകുവാൻ വിശുദ്ധ ജോസഫിനേയും തിരഞ്ഞെടുക്കുന്നത് നാം കാണുന്നു. ക്രിസ്തുവിനായി വിളിക്കപ്പെട്ടവരാണ് നാം ഓരോരുത്തരും എന്ന ശക്തമായ സന്ദേശം ഇന്നത്തെ വേദഭാഗം നമ്മോടു പങ്കുവയ്ക്കുന്നു. ഗലാത്തിയക്കാർക്കെഴുതിയ ലേഖനത്തിൽ ഹാറാറിന്റെയും, സാറായുടെയും സന്തതികളെ ഉദ്ദരിച്ചുകൊണ്ട് ദൈവീക ഉടമ്പടിയെപ്പറ്റി പൗലോസ് ശ്ലീഹാ നമ്മോടു സംവദിക്കുന്നു (ഗലാ 4:21-31). ഹാഗാറിൽ നിന്ന് ജനിച്ചത് പഴയനിയമത്തെയും, ദാസ്യത്തെയും സൂചിപ്പിക്കുന്നു. അതിന്റെ കേന്ദ്രം ഇന്നത്തെ യേറുശ്ശേലം ആണ്, എന്നാൽ സാറായിൽ നിന്ന് ജനിച്ചത് പുതിയനിയമത്തെയും സ്വതന്ത്ര്യത്തെയും സൂചിപ്പിക്കുന്നു.അതിന്റെ കേന്ദ്രമോ സ്വർഗ്ഗീയ യേറുശലേമും. വാഗ്ദാനത്തിന്റെ പൂർത്തീകരണമായ സ്വർഗ്ഗീയ യേറുശലേമിലേക്ക് വിളിക്കപ്പെട്ടവരാണ് നാം ഓരോരുത്തരും. പഴയനിയമപ്രകാരം നൽകപ്പെടേണ്ട പേര് മാറ്റിവച്ച് 'ദൈവം കരുണ ചെയ്തു' എന്നർത്ഥം വരുന്ന 'യോഹന്നാൻ' എന്ന പേര് നൽകപ്പെടുന്നത് ക്രിസ്തുവിലൂടെ സാധ്യമാകുന്ന പുതിയ ഉടമ്പടിയുടെ, സ്വാതന്ത്രത്തിന്റെ, സ്വർഗ്ഗീയ ജറുസ

ലേമിന്റെ പ്രതീകമായി കാണുവാൻ സാധിക്കും. അവിടെ പഴയനിയമത്തിന്റെ അടിമത്വത്തിന്റെ ചങ്ങലകളില്ല മറിച്ച് ക്രിസ്തു നൽകുന്ന സ്വാതന്ത്ര്യമാണുള്ളത്. അതിനാൽ, ക്രിസ്തുവിനായി വിളിക്കപ്പെടുന്നവരും, ജനിക്കപ്പെടുന്നവരും വിളിച്ചുചേർക്കപ്പെട്ടിരിക്കുന്നത്, ക്രിസ്തുവിലൂടെ സാധ്യമാകുന്ന സ്വാതന്ത്ര്യത്തിലേക്കാണ്. അതുകൊണ്ട് നാം എന്തിനായി ഭൂമിയിലേക്ക് ജനിച്ച് വീണെന്നുള്ള ബോധ്യത്തോടെ നാം ജീവിക്കണമെന്ന സന്ദേശം തിരുസഭാമാതാവ് നമ്മോട് പങ്കുവയ്ക്കുന്നു.

ഇന്നത്തെ വേദഭാഗം നമ്മുടെ ജീവിതവുമായി ചേർത്തുവെച്ചു വായിക്കുവാൻ നമുക്കു പരിശ്രമിക്കാം, ഒന്നാമതായി, ഗർഭഛിദ്രത്തിന്റെയും, ദാമ്പത്യ അവിശ്വസ്തതയുടെയും ഇരുളടഞ്ഞ കാലഘട്ടത്തിൽ നാം ജീവിക്കുമ്പോൾ ഓരോ ജീവനും ദൈവീകപദ്ധതിയുടെ ഫലമാണെന്നു നാം തിരിച്ചറിയണം. ജീവൻ ദൈവത്തിന്റെ ദാനമാണെന്ന് തിരിച്ചറിയുകയും, ജീവനെ പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യണം. ഓരോ കുഞ്ഞും ദൈവത്തിനായി ജന്മമെടുക്കുന്നവരാകയാൽ ആ ദൈവീക ജീവൻ നശിപ്പിക്കാൻ ആർക്കും അവകാശമില്ല. രണ്ടാമതായി, നാം എന്തിനായി ഭൂജാതരായി എന്ന ബോധ്യം നമുക്കുണ്ടാകണം. മാമോദീസായിലൂടെ ലഭിക്കുന്ന പേര് ഈ ദൈവീക വിളിയുടെ ഓർമ്മപ്പെടുത്തലാണ്. കർത്താവിന്റെ ഉടമ്പടിയിലേക്കുള്ള പുതിയ സൃഷ്ടിയുടെ ജനനത്തെ ആ പേരിടൽ സൂചിപ്പിക്കുന്നു. വിശുദ്ധരുടെ നാമം പേറുന്നതോടൊപ്പം വിശുദ്ധിയിൽ ജീവിക്കാനും ദൈവീക പദ്ധതിക്കനുസരിച്ചു ദൈവത്തോടുവിധേയത്വം പുലർത്തുവാനും നാം ബാധ്യസ്ഥരാണ്. ക്രിസ്തുവിലൂടെ സാധ്യമായ പുതിയ ഉടമ്പടിയുടെ പങ്കുകാരാണ് ഓരോ ക്രൈസ്തവവിശ്വാസിയും. ഈ വിളിയുടെ മഹത്ത്വം തിരിച്ചറിഞ്ഞ്, ക്രിസ്തുവിനായി ജീവിച്ച്, ക്രിസ്തുവിനെ അനേകർക്കു പകർന്നു നൽകുക എന്നതാകുന്നു ഓരോ ക്രൈസ്തവന്റെയും ലക്ഷ്യം, അതിനാൽ നമ്മുടെ ജീവിതലക്ഷ്യത്തെ തിരിച്ചറിഞ്ഞ്, പുതിയ സൃഷ്ടിയായി ഇരുപത്തഞ്ചു നോമ്പിന്റെ അനുഭവത്തിലായിരിക്കാം. അതുവഴി ക്രിസ്തുവിന്റെ ജനനത്തിന്റെ സന്തോഷം നമ്മിലേവരിലും നിറയട്ടെ.

# മാർ യൗസേപ്പിനുണ്ടായ ദർശനം

മത്തായി 1:18-25

ബ്ര.അലക്സിസ് പെല്ലിശ്ശേരി ഒ.ഐ.സി

## നിയമനിഷേധിയായ നീതിമാൻ

വിശുദ്ധ ഗ്രന്ഥത്തിൽ ദൈവത്തിന്റെ പ്രത്യേകമായ ഇടപെടലുകൾ മൂലമുള്ള ധാരാളം വ്യക്തികളുടെ ജനനത്തെക്കുറിച്ചുള്ള വിവരണങ്ങളുണ്ട്. എന്നാൽ, യേശുവിന്റെ ജനനം അതിൽ നിന്നെല്ലാം വ്യത്യസ്തമാണെന്നു വി.മത്തായി ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നു. ഇതിനു മുമ്പുള്ള വചനഭാഗമായി (മത്തായി 1:1-17) ബന്ധപ്പെടുത്തി വേണം ഈ വചനഭാഗത്തെ മനസ്സിലാക്കുവാൻ . യേശുവിന്റെ വംശാവലിയാണ് അവിടെ വിവരിക്കുന്നത്. പി.ഒ.സി യിൽ നിന്നുള്ള സുവിശേഷ മലയാള വിവർത്തനത്തിൽ, "അബ്രഹാം ഇസഹാക്കിന്റെ പിതാവായിരുന്നു. ഇസഹാക്ക് യാക്കോബിന്റെയും യാക്കോബ് യുദായുടെയും സഹോദരന്മാരുടെയും പിതാവായിരുന്നു". എന്നാൽ ഗ്രീക്കു ഭാഷയുടെ കൃത്യമായ വിവർത്തനം നടത്തുകയാണെങ്കിൽ, "അബ്രഹാം ഇസഹാക്കിനെ ജനിപ്പിച്ചു. ഇസഹാക്ക് യാക്കോബിനെ ജനിപ്പിച്ചു ..." എന്നാണ് വരേണ്ടത്. അങ്ങനെ വംശാവലി മുഴുവൻ വിവരിച്ചതിനു ശേഷം യേശുവിന്റെ ജനനത്തെ കുറിച്ച് പ്രതിപാദിക്കുമ്പോൾ "അവൻ ജനിച്ചു" എന്നാണ് ഗ്രന്ഥകർത്താവ് എഴുതിയിരിക്കുന്നത്. ഇതിലൂടെ യേശുവിന്റെ ജനനത്തിന്റെ അസാധാരണത്വം ഗ്രന്ഥകർത്താവ് വ്യക്തമാക്കുന്നു. അതിനു ശേഷം മാർ യൗസേപ്പിനുണ്ടായ ദർശനം വിവരിച്ചു കൊണ്ട് ഈ അസാധാരണത്വം എപ്രകാരം സംഭവിച്ചുവെന്നു വ്യക്തമാക്കുകയും മറിയത്തെയും ഉണ്ണിയേശുവിനെയും സ്വീകരിക്കുവാൻ, വി.യൗസേപ്പിതാവിനെ പോലെ അനുവാചകരെ ഒരുക്കുകയും ചെയ്യുന്നു.

ഉൽപത്തി പുസ്തകം 37-ാം അദ്ധ്യായം മുതൽ നാം കാണുന്ന പൂർവ്വപിതാവായ യൗസേപ്പിന്റെ മാതൃകയിലാണു സുവിശേഷകൻ മാർ യൗസേപ്പിനെ അവതരിപ്പിക്കുന്നത്. പേരിൽ മാത്രമല്ല സമാനതകളുള്ളത്. രണ്ട് പേരുടെയും പിതാക്കന്മാരുടെ പേര് യാക്കോബ് എന്നായിരുന്നു. രണ്ടു പേരോടും ദൈവം സ്വപ്നത്തിലൂടെ സംസാരിച്ചു. രണ്ടുപേരും നീതിമാന്മാരും നൈർമല്യമുള്ളവരും ആയിരുന്നു. രണ്ടു പേരും തങ്ങളുടെ കുടുബത്തെ രക്ഷിച്ചത് ഈജിപ്തിലേക്കു കൊണ്ടുവന്നായിരുന്നു. ഇന്നത്തെ സുവിശേഷഭാഗത്തെ ആസ്പദമാക്കി വിശുദ്ധ യൗസേപ്പിതാവിനെക്കുറിച്ച് രണ്ട് ചിന്തകൾ മാത്രം കുറിക്കുന്നു.

### 1. നീതിമാനായ പിതാവ്

പൊതുവെ നീതിമാൻ എന്ന പദത്തിന് മോശയുടെ നിയമങ്ങൾ കാർക്കശ്യത്തോടെ അനുഷ്ഠിക്കുന്നയാൾ എന്നാണ് അർത്ഥം ( നിയമ 6:25, ലൂക്കാ 1:6). നിയമം അനുസരിക്കുന്ന നീതിമാൻ ആണെങ്കിൽ താനറിയാതെ ഗർഭിണിയായ മറിയത്തെ യഹൂദനിയമപ്രകാരം (നിയമ 22:23-24) കല്ലെറിഞ്ഞു കൊല്ലണം. യൗസേപ്പ് പിതാവിന്റെ നീതിബോധം അതിനെ അതിലംഘിക്കുന്നതാണ്. സുവിശേഷത്തിൽ നാം വായിക്കുന്നു "അവളുടെ ഭർത്താവായ ജോസഫ് നീതിമാനാകയാലും, അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കുവാൻ തീരുമാനിച്ചു" (മത്തായി 1:19). കരുണയുടെ കവിഞ്ഞൊഴുകലാണ് നാം ഇവിടെ കാണുന്നത്. മാനുഷികമായി നോക്കിയാൽ, തന്റെ വിവാഹസ്വപ്നങ്ങൾ എല്ലാം തകർക്കപ്പെട്ടു നീറുന്ന മനസ്സുമായി നിൽക്കുന്ന ജോസഫിനു മറിയത്തോട് പ്രതികാരം ചെയ്യുവാൻ കിട്ടിയ നല്ല ഒരു അവസരം അയാൾ വേണ്ടെന്നു വെയ്ക്കുകയാണ്. നമ്മുടെ ജീവിതത്തിലും കണക്കുകൂട്ടലുകൾ പാളി പോകുന്ന നിമിഷങ്ങൾ ഉണ്ടാകാം. നമ്മുടെ സ്വന്തപ്പെട്ടവർ, നാം ഒത്തിരി പ്രതീക്ഷയർപ്പിച്ചവർ, എന്നും കൂടെ കാണുമെന്നു കരുതിയവർ നമുക്കെതിരെ തിരിയുമ്പോൾ, നമ്മുടെ സ്വപ്നങ്ങളിൽ കരിനിഴൽ വീഴ്ത്തുമ്പോൾ അവരെ അപമാനിതരാക്കാതെ, വൈരം വെച്ചു പുലർത്താതെ അവരെ ഹൃദയത്തോട് ചേർത്ത് നിർത്തുവാൻ സാധിക്കണം. അപ്പോൾ നാമും നീതിമാന്മാരാവും. ഇതൊരു വിശ്വാസത്തിന്റെ തലമാണ്. മറ്റുള്ളവരുടെ തിന്മയുടെ പുറകിലും ദൈവീകപദ്ധതിയുണ്ടെന്ന വിശ്വാസം.

### 2. അനുസരണയുള്ള പിതാവ്

മാർ യൗസേപ്പിന്റെ ജീവിതത്തിലൂടെ ഒന്നു കണ്ണോടിക്കുമ്പോൾ മൂന്നു തലത്തിലുള്ള അനുസരണം നമുക്കു കാണുവാൻ സാധിക്കും

1. മതത്തിന്റെ നിയമങ്ങളോടുള്ള അനുസരണം: ആണ്ടനുസരിച്ചുള്ള പെസഹാ തിരുനാളിനായി ഭാര്യയെയും കുഞ്ഞിനെയും കൊണ്ട് ജെറുസലേം ദൈവാലയത്തിലേക്ക് പോകുന്ന യൗസേപ്പ്

2. ദേശത്തിന്റെ നിയമങ്ങളോടുള്ള അനുസരണം: ദേശാധികാരിയുടെ കൽപന അനുസരിച്ച് പേരെഴുതി ചേർക്കുവാനായി പുറപ്പെടുന്ന യൗസേപ്പ്.

3. എല്ലാറ്റിനെയുംക്കാൾ ഉപരി ദൈവഹിതത്തോടുള്ള അനുസരണം: സുവിശേഷത്തിൽ നാം വായിക്കുന്നു, അവൻ നിദ്രയിൽ നിന്നുണർന്നു കർത്താവിന്റെ ദൂതൻ പറഞ്ഞതുപോലെ പ്രവർത്തിച്ചു (മത്തായി 1:24)

ദൈവത്തോടുള്ള അനുസരണമായിരുന്നു തന്റെ പ്രതിസന്ധിയെ മറികടക്കുവാനും ഒരുവേള താൻ സംശയിച്ച മറിയത്തിന്റെയും, അവളുടെ ഉദരത്തിലുള്ള ഉണ്ണി

യേശുവിന്റെയും സംരക്ഷകനാകാൻ അദ്ദേഹത്തിന് ശക്തിനൽകിയത്. സുവിശേഷത്തിൽ ഒരിടത്തുപോലും യൗസേപ്പ് പിതാവ് എന്തെങ്കിലും സംസാരിക്കുന്നതായി നാം കാണുന്നില്ല. ദൈവത്തോടുള്ള ആലോചനയായിരുന്നു അദ്ദേഹത്തിന്റെ നിശബ്ദത. പരാതികളോ പരിഭവങ്ങളോ കൂടാതെ, വ്യവസ്ഥകളോ ഉപാധികളോ ഇല്ലാതെ അനുദിന ജീവിതത്തിൽ ദൈവം വച്ചുനീട്ടുന്നതെന്തും സ്വീകരിക്കുവാൻ യൗസേപ്പ് പിതാവിന്റെ അനുസരണശീലം നമുക്കു പ്രചോദനം നൽകുന്നു.

അത്ഭുതങ്ങൾക്കും അടയാളങ്ങൾക്കും പുറകെ പരക്കം പായുന്ന ഈ കാലഘട്ടത്തിൽ പരിശുദ്ധ അമ്മയോടും മറ്റു വിശുദ്ധരോടും നാം കാണിക്കുന്ന അത്രയും സ്നേഹവും ഭക്തിയും പലപ്പോഴും സഭയുടെ ഭക്തിമാർഗ്ഗത്തിൽ യൗസേപ്പ് പിതാവിന് ലഭിക്കാറില്ല. കലാകാരന്മാർ ആകട്ടെ അദ്ദേഹത്തെ ഒരു പടുവൃദ്ധനായി ചിത്രീകരിക്കുവാനാണ് ശ്രമിക്കുന്നത്. ഒരുതരത്തിൽ ഇതിൽനിന്നുള്ള ഒരു തിരിച്ചുവരവ് ആയിരുന്നു വിശുദ്ധ യൗസേപ്പ് പിതാവിന്റെ വർഷാചരണം. അതിന്റെ ഭാഗമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ എഴുതിയ 'പാത്രിസ് കോർദേ' (പിതൃഹൃദയത്തോടെ) എന്ന അപ്പസ്തോലിക ലേഖനത്തിന്റെ സമാപനത്തിൽ അദ്ദേഹം കുറിക്കുന്ന ഏതാനും വാക്കുകൾ ഉദ്ധരിച്ച് കൊണ്ട് വിരാമമിടുന്നു: "അത്ഭുതങ്ങൾക്കും അടയാളങ്ങൾക്കും മാത്രം മാദ്ധ്യസ്ഥം വഹിക്കുകയല്ല വിശുദ്ധരുടെ നിയോഗം... മഹാനായ ഈ വിശുദ്ധനോടുള്ള ആദരവ് വർദ്ധിപ്പിക്കുകയും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയും അദ്ദേഹത്തിന്റെ ഗുണങ്ങളും ഉത്സാഹവും മാതൃകയാക്കുകയും ചെയ്യാം". വിശുദ്ധ യൗസേപ്പ് പിതാവിന്റെ മാദ്ധ്യസ്ഥം നമ്മുടെ ജീവിതത്തിന് കോട്ടയായിരിക്കട്ടെ.

# യൽദായ്ക്കു മുമ്പുള്ള ഞായർ

ലൂക്കാ 2:1-5

ബ്രദർ ലിൻസൺ മാത്യു ഒഐസി

## എളിയവരെ സ്നേഹിക്കുന്ന ദൈവം

ദൈവം മനുഷ്യനായി പിറന്നുവീണ യേശു ക്രിസ്തുവിന്റെ ജനനത്തിരുന്നാളിനുവേണ്ടി നാം കാത്തിരിക്കുകയാണ്. മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടി ഭൂമിയിൽ പിറന്ന യേശുനാഥനെ നമ്മുടെ ഹൃദയത്തിലേക്കു സ്വീകരിക്കുവാൻ നമ്മെ ഒരുക്കുന്ന തിരുവചനഭാഗം, വി. ലൂക്കോസ് എഴുതിയ സുവിശേഷം 2-ാം അദ്ധ്യായം 1 മുതൽ 5 വരെയുള്ള തിരുവചനങ്ങളാണ് നമ്മുടെ ധ്യാനവിഷയം. എളിയവരെ സ്നേഹിക്കുകയും, ബഹുമാനിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ചിത്രമാണ് ഇവിടെ നമുക്കു കാണാൻ സാധിക്കുന്നത്. ലൂക്കോസ് സുവിശേഷം രചിച്ചത് ഒരു വിജാതിയ ക്രൈസ്തവ കൂട്ടായ്മക്കുവേണ്ടിയാണ്. ഇന്നത്തെ സുവിശേഷഭാഗത്തിലൂടെ വി. ലൂക്കോസ് സുവിശേഷകൻ ആഗ്രഹിക്കുന്നത്, ബേത്ലഹേമിന്റെ നിസ്സഹായതയിൽ, കാലിത്തൊഴുത്തിന്റെ ദാരിദ്രത്തിൽ ജനിച്ച യേശു നാഥൻ പ്രതീക്ഷയോടെ കാത്തിരുന്ന യഹൂദജനങ്ങൾക്കുവേണ്ടി മാത്രമല്ല, മറിച്ച് എല്ലാവർക്കുംവേണ്ടിയാണ് എന്നു വിജാതീയ ക്രൈസ്തവസമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനു വേണ്ടിയാണ്. പാവപ്പെട്ടവരുടെ പക്ഷം ചേരുന്ന, എളിയരെ സ്നേഹിക്കുന്ന, പാപികളോടു കരുണ കാണിക്കുന്ന ക്രിസ്തുവിന്റെ മുഖമാണ് ഇന്നത്തെ സുവിശേഷത്തിലും, വി.ലൂക്കോസിന്റെ സുവിശേഷം മുഴുവനിലും നാം ദർശിക്കുന്നത്.

റോമൻ ദേശാധിപതിയായിരുന്ന അഗസ്റ്റസ് സീസറിന്റെ ഭരണകാലത്തിന്റെ പശ്ചാത്തലത്തിലാണ് യേശുക്രിസ്തുവിന്റെ ജനനത്തെ ലൂക്കോസ് സുവിശേഷകൻ അവതരിപ്പിക്കുന്നത്. ഈ സംഭവത്തിലൂടെ വി. ലൂക്ക സുവിശേഷകൻ ക്രിസ്തുവിനെ ഒരു ചരിത്രപുരുഷനായി അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. ചരിത്രത്തിലേക്ക് നാം ഒന്നു തിരിഞ്ഞുനോക്കിയാൽ, അഗസ്റ്റസ് സീസറിന്റെ കാലത്തു നടന്ന ഈ പേര് എഴുതിച്ചേർക്കൽ സംഭവത്തിന് സാക്ഷ്യം വഹിക്കുന്ന മറ്റൊരു ചരിത്രരേഖ ഇല്ല എന്നതാണ് വാസ്തവം. പക്ഷേ ഈ ഒരു സംഭവത്തിന്റെ വിവരണത്തിലൂടെ ലൂക്കോസ് സുവിശേഷകൻ, യേശു ക്രിസ്തു എന്ന ചരിത്രപുരുഷനെ ചിത്രീകരിക്കുന്നത് പ്രവചനങ്ങളുടെ പൂർത്തീകരണമായിട്ടാണ്. സുവിശേഷത്തിലെ മറിയവും യൗസേപ്പും യാതനകൾ നിറഞ്ഞ യാത്ര ഗലീലിയിൽ നിന്ന് ബെത്ലഹേമിലേക്ക് പോകുന്നത്. തുടർന്നു മറിയം വളരെ ദരിദ്രമായ ഒരു പുൽതൊഴുത്തിൽ ക്രിസ്തുവിനു

ജന്മം കൊടുക്കുന്നതും യാദൃശ്ചികമല്ല, മറിച്ച്, മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടി ദൈവം മെനഞ്ഞ പദ്ധതി ക്രിസ്തുവിലൂടെ സഫലമാകുന്നതിന് വേണ്ടിയാണ്. മിക്കാ പ്രവാചകന്റെ പുസ്തകം 5-ാം അദ്ധ്യായം 2-ാം വാക്യത്തിൽ നാം ഇതു കാണുന്നുണ്ട്, 'ബേത്ലഹേം, എഫ്രാത്താ, യൂദാ ഭവനങ്ങളിൽ നീ ചെറുതെങ്കിലും ഇസ്രായേലിനെ ഭരിക്കേണ്ടവൻ എനിക്കായി നിന്നിൽ നിന്നു പുറപ്പെടും' എന്നു പ്രവാചകൻ ഉദ്ധരിച്ചത് ക്രിസ്തുവിൽ സഫലമാകുകയാണ് ചെയ്തത്.

ഏശയ്യാ പ്രവാചകന്റെ പുസ്തകം 11-ാം അദ്ധ്യായം 4 മുതൽ 6 വരെയുള്ള വാക്യങ്ങളിൽ നാം വായിക്കുന്നുണ്ട് 'ദരിദ്രരെ അവൻ ധർമ്മനിഷ്ഠയോടെ വിധിക്കും. ഭൂമിയിലെ എളിയവരോട് അവൻ നീതിപൂർവ്വം വർത്തിക്കും. ചെന്നായും ആട്ടിൻകുട്ടിയും ഒന്നിച്ചു വസിക്കും. പുള്ളിപുലി കോലാട്ടിൻകുട്ടിയോടുകൂടെ കിടക്കും. പശുക്കിടാവും സിംഹക്കുട്ടിയും ഒന്നിച്ചു മേയ്യും'. ലോകം മുഴുവന്റെയും രക്ഷകനായ യേശു നാഥൻ, യൂദാ നഗരങ്ങളിലെ ഏറ്റവും ചെറുതും നിസ്സാരനുമായ ബേത്ലഹേം നഗരിയിൽ ജനിച്ചുവീണത് ചെറിയവരെയും, നിസ്സാരമായവയെയും, എളിയവരെയും സ്നേഹിക്കുന്ന, കരുതുന്ന ദൈവത്തിന്റെ മുഖം അനാവരണം ചെയ്യുന്നതിനുവേണ്ടിയാണ്. സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജാവായ യേശുമിശിഹാ ഇഹത്തിൽ ജനിച്ചത് പ്രൗഢിയുടെയും, സുഖസൗകര്യങ്ങളുടെയും, ആർഭാടത്തിന്റെയും നടുവിലല്ല, മറിച്ച് ലോകത്തിന്റെ ദൃഷ്ടിയിൽ നിസ്സാരമായി കാണുന്ന പുൽത്തൊഴുത്തിലാണ്.

എളിയവരെ സ്നേഹിക്കുകയും, വാഴ്ത്തുകയും ചെയ്യുന്ന ദൈവം, നമുക്കൊരു ഓർമ്മപ്പെടുത്തലാണ്. നമ്മുടെ തന്നെ ഹൃദയത്തിലേക്ക് ഒന്നു ശ്രദ്ധ തിരിച്ചാൽ നമുക്കു മനസ്സിലാക്കാൻ സാധിക്കും. ആരൊക്കെയുണ്ടു നമ്മുടെ തന്നെ സ്നേഹവലയത്തിൽ? നമ്മുടെ സൗഹൃദക്കൂട്ടത്തിൽ ആരെയൊക്കെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്? ഒരു പക്ഷേ നമ്മെ സ്നേഹിക്കുന്ന, നമ്മുടെ അഭിരുചികളോടും ഇഷ്ടങ്ങളോടും ചേർന്നുപോകുന്ന, നമുക്ക് എന്തെങ്കിലും ഉപകാരമുള്ളവരെയാണു നമ്മുടെയൊക്കെ സ്നേഹവലയത്തിൽ നാം ചേർത്തുനിർത്തുന്നത്. പക്ഷേ, ഇന്നത്തെ സുവിശേഷത്തിൽ നാം ദർശിച്ചത് ചെറിയവരെയും എളിയവരെയും സ്നേഹിക്കുന്ന ദൈവത്തെയാണ്. എല്ലാവരെയും ഉൾക്കൊള്ളുന്ന ദൈവം, ആരെയും ഉപേക്ഷിച്ചിട്ടില്ല മറന്നിട്ടുമില്ല .

ക്രിസ്തുവിന്റെ ഹൃദയത്തിൽ എല്ലാവർക്കും എല്ലാറ്റിനും ഇടമുണ്ട് എന്ന സത്യം ഇന്നത്തെ കാലത്തു നമുക്ക് ഒരു തിരിച്ചറിവാകട്ടെ. ഈ തിരിച്ചറിവു നൽകുന്ന പ്രത്യാശ, ദൈവത്തിന്റെ രക്ഷാകരപദ്ധതിയിലും, അവന്റെ സ്നേഹകൂട്ടായ്മയിലും നാമൊക്കെ ഇടം പിടിച്ചിട്ടുണ്ട് എന്നതാണ്. പാവപ്പെട്ടവരുടെയും, സങ്കടപ്പെടുന്നവരുടെയും, പ്രതീക്ഷകൾ അസ്തമിച്ചവരുടെയും ജീവിതത്തിലേക്ക് നാം കെട്ടിപ്പൊ

ക്കിയ വിദ്വേഷത്തിന്റെയും അകൽച്ചയുടെയും മതിൽക്കെട്ടുകൾ പൊളിച്ചു കടന്നു ചെല്ലാൻ നമുക്കു സാധിക്കുമ്പോഴാണ്, ക്രിസ്തുവിന്റെ ജനനത്തിനു നമ്മുടെ ജീവിതത്തിൽ അർത്ഥം ഉണ്ടാകുന്നത്. ജീവിതത്തിന്റെ എല്ലാ പ്രതീക്ഷകളും വറ്റിതീരുമ്പോൾ നാം ഓർക്കണം, എളിയവരെ സ്നേഹിക്കുന്ന ദൈവസ്നേഹത്തിന്റെ വറ്റാത്ത അരുവികൾ നമ്മുടെ ചങ്കിലേക്ക് ഒഴുകും. ഇതാണ് ദൈവം നൽകുന്ന പ്രത്യാശ. ലോകരക്ഷകന്റെ പിറവി ബേത്‌ലഹേമിന്റെ ലാളിത്യത്തിലും, പുൽതൊഴുത്തിന്റെ ദാരിദ്രത്തിലുമാണെങ്കിൽ അത് സമ്മാനിക്കുന്നത് പാപികൾക്കും, പാവപ്പെട്ടവർക്കും, വീണുപോയവർക്കും പ്രത്യാശയുടെ സുവിശേഷമാണ്. ഈ ഒരു പ്രത്യാശയുടെ കിരണങ്ങൾ നമ്മളിലൂടെ മറ്റുള്ളവരുടെ ജീവിതത്തെ അൽപ്പംകൂടി പ്രകാശിപ്പിക്കാൻ സാധിക്കുമ്പോൾ ക്രിസ്തു ജനിക്കാൻ ആഗ്രഹിക്കുന്ന ഇടമായി നമ്മുടെ ഹൃദയങ്ങൾ രൂപാന്തരപ്പെടും.

യേശുക്രിസ്തുവിന്റെ ജനനത്തിനു വഴിതെളിച്ച മറിയത്തിന്റെയും യൗസേപ്പിന്റെയും ധീരമായ ജീവിത യാത്രയാണ് ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത്. ദൈവസ്നേഹത്തിനു പകരമായി, സാഹോദര്യത്തിനു പകരമായി, കരുണയ്ക്കു പകരമായി നാം മാറോടു ചേർത്തു പിടിച്ചിരിക്കുന്ന സകലതിനെയും ഉപേക്ഷിക്കുവാനുള്ള ധീരത മാതൃകയാക്കി കാലത്തിന്റെ മാറ്റൊലിയിൽ നമ്മുടെ കരങ്ങളിൽ നിന്നു വഴുതിപോയ ആ സ്നേഹത്തന്റെയും, വിശുദ്ധിയുടെയും, ഹൃദയനൈർമല്യത്തിന്റെയും ചെറിയ ലോകത്തിലേക്കു തിരികെ പോകുവാനുള്ള ധീരമായ ഒരു ജീവിതയാത്രയ്ക്കായി നമുക്കു തീരുമാനമെടുക്കാം. അങ്ങനെ നമ്മുടെ ഹൃദയം ക്രിസ്തു പിറക്കുവാൻ കൊതിക്കുന്ന ലാളിത്യത്തിന്റെയും, എളിമയുടെയും, ഹൃദയനൈർമല്യത്തിന്റെയും പുൽതൊഴുത്തായി, ഈ തിരുപ്പിറവിക്കു നമുക്കു നമ്മുടെ ഹൃദയങ്ങളെ ഒരുക്കാം.

# യൽദാപെരുന്നാൾ

മത്തായി 2:1-12

ബ്ര. ജോൺ ബിബിൻ ദാസ് ഒ.ഐ.സി

## ദൈവം മനുഷ്യനായി ഭൂമിയിലേക്കിറങ്ങി

നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ തിരുപ്പിറവി ഭൂവെങ്ങും സന്തോഷത്തോടും, ആഹ്ലാദത്തോടും, പ്രത്യാശയോടും കൂടി പങ്കിടുവാൻ ഒരുങ്ങുന്നു. നൂറ്റാണ്ടുകൾക്കു മുമ്പു ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ തിരുവതാരം ചെയ്ത രക്ഷാകര സംഭവമാണ് ഓരോ ക്രിസ്തുമസ് പുലരിയ്ക്കും പങ്കിടുവാനുള്ളത്. ഏവർക്കും ക്രിസ്തുമസ് ദിനാശംസകൾ നേരുന്നു. ഇത്തരുണത്തിൽ തിരുസഭ ധ്യാന ചിന്തയ്ക്കായി നൽകിയിരിക്കുന്ന സുവിശേഷഭാഗം വിശുദ്ധ മത്തായി ശ്ലീഹാ എഴുതിയ സുവിശേഷം 2-ാം അദ്ധ്യായം 1 മുതൽ 12 വരെയുള്ള വാക്യങ്ങളാണ്.

ക്രിസ്തുമസ്, വചനം മാംസമായതിന്റെ ദിനമാണ്. അവൻ തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ചു മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ട (ഫിലിപ്പി 2:7) നിമിഷം, ദൈവം തന്റെ ജനത്തെ ആഴമായി സ്നേഹിക്കുന്നു എന്ന സത്യം പ്രഘോഷിക്കുന്നു. അതോടൊപ്പം, മാനവ രക്ഷയ്ക്കായി തന്നെത്തന്നെ സമർപ്പിച്ച്, ദൈവീക പദ്ധതിയോടു ചേർന്നുനിന്ന മറിയത്തിന്റെയും, യൗസേപ്പിന്റെയും ജീവിതക്ലേശങ്ങൾ, സത്രത്തിൽ സ്ഥലം ലഭിക്കാത്തതും (ലൂക്കാ 2:7) സങ്കടപ്പെടുത്തുന്ന സംഭവങ്ങളും ജീവിത മാതൃകയാണ്. സർവ്വത്തിനും അധികാരിയായിരുന്നിട്ടും യേശു ജനിച്ച ബേത്‌ലഹേമിലെ കാലിത്തൊഴുത്ത് (മത്തായി 2:1) വളരെ പ്രാധാന്യം അർഹിക്കുന്നു. ചരിത്രം പരിശോധിക്കുമ്പോൾ നമുക്കു കാണാവുന്നത്, ബേത്‌ലഹേം എന്നത് ജറുസലേമിൽ നിന്ന് ആറ് മൈൽ ദൂരം തെക്കുമാറി സ്ഥിതിചെയ്യുന്ന പട്ടണമാണ്. ബേത്‌ലഹേം നഗരിയെ സംബന്ധിച്ചു ചരിത്രപ്രാധാന്യമുള്ള സ്ഥലമാണ്. കാരണം, യാക്കോബ് തന്റെ ഭാര്യയായ റാഹേലിനെ സംസ്കരിച്ചത് ഇവിടെയാണ് (ഉല്പ 48:1). റൂത്ത് താമസിച്ചിരുന്ന പട്ടണമാണിത് (റൂത്ത് 1:22). പ്രധാനമായി ദാവീദിന്റെ പട്ടണമാണ് ബേത്‌ലഹേം (1 സാമുവേൽ 16:1, 17:12). അപ്പത്തിന്റെ ഭവനം എന്നാണ് ബേത്‌ലഹേം നഗരി അറയപ്പെട്ടിരുന്നത്. അതിനാൽ തന്നെയായിരിക്കും, അപ്പമായിതീരാൻ ഈ ഭൂമിയിലേക്കു കടന്നു വന്ന രക്ഷകൻ, അപ്പത്തിന്റെ ഭവനമായ ബേത്‌ലഹേം തന്റെ ജനനസ്ഥലമായി തിരഞ്ഞെടുത്തത്.

യേശുവിന്റെ ജനനത്തെക്കുറിച്ച് കേട്ടവർ പലവിധത്തിലാണ് പ്രതികരിച്ചത്. അതിൽ, യേശുവിന്റെ ജനനം ഉറക്കമില്ലാത്ത രാവുകൾക്ക് വഴിതെളിച്ച ഹേറോദേസും, ദൈവസാന്നിദ്ധ്യം ദർശിച്ചറിയാൻ കഴിയാത്ത നിയമജ്ഞരും പുരോഹിതരും, ദൈവ പുത്രനെ നേരിൽ കണ്ട ആട്ടിടയന്മാരും, ശിശുവിനെ തേടിയിറങ്ങി കാഴ്ചയർപ്പണം നടത്തി മടങ്ങിയ ജ്ഞാനികളും ഉൾപ്പെടുന്നു. ഇന്ന് ക്രിസ്മസ് ദിനം നാം ആഘോ ഷിക്കുമ്പോൾ ഇതിൽ ആരുടെ മനോഭാവമാണ് നമുക്കുള്ളതെന്ന് ചിന്തിക്കാം. പ്രശസ്ത എഴുത്തുകാരൻ T .S Eliot തന്റെ ( The Journey of Magi) “പൂജ രാജാ ക്കന്മാരുടെ യാത്ര” എന്ന കവിതയിൽ ഉണ്ണിയെക്കണ്ട ജ്ഞാനികളുടെ മാനസികാവ സ്ഥയെ വിവരിക്കുന്നതിങ്ങനെയാണ്. “ഇതാ ഞങ്ങൾ ഒരു പുതിയ ജനനം കണ്ടിരി ക്കുന്നു. ജന്മദേശത്ത് തിരിച്ചെത്തുമ്പോൾ പഴയതൊന്നുമായി ഞങ്ങൾക്കിനി സമര സപ്പെടാനാകില്ല. ഞങ്ങളിതിൽ മാത്രം ആഹ്ലാദിക്കുന്നു”. സ്വപ്നത്തിൽ നിന്ന് ലഭിച്ച നിർദ്ദേശമനുസരിച്ച് അവർ മറ്റൊരു വഴിക്ക് തിരിച്ച് പോയി (മത്തായി 2:12) എന്ന് സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഇവിടെ ജ്ഞാനികൾക്കുണ്ടായ ജീവിത നവീകരണം നമുക്കും മാതൃകയാണ്. കാരണം, ദൈവത്തെ കണ്ടുമുട്ടുന്നവരെല്ലാം പുതിയ വഴിയും പുതിയ ജീവിതവും ആരംഭിക്കുന്നവരായി മാറുന്നു. കാലാകാലങ്ങളായി ക്രിസ്മസ് ദിനത്തെ ആഘോ ഷിക്കുകയും, ദിവസേന വിശുദ്ധ കുർബാന വഴി മിശിഹായുടെ ജീവിതത്തോടു ചേർന്നു നിന്നു ദിവ്യകാരുണ്യം സ്വീകരിക്കുമ്പോഴും, പുതിയ ജീവിതവും പുതിയ വഴിയും മുന്നോട്ടു വയ്ക്കാൻ നമുക്കു സാധിച്ചിട്ടുണ്ടോ?. അതിലേയ്ക്കുള്ള പുതി യൊരു ക്ഷണമാണ് ഈ ക്രിസ്മസ് ദിനവും നമുക്കു നൽകുന്നതും.

സകല ജനത്തിനുമുള്ള സന്തോഷവാർത്ത എന്നാണ് മാലാഖ ആദ്യത്തെ പിറ വിത്തിരുന്നാളിൽ പാടിയത്. ശിശുവിനെ തേടി നടന്ന ജ്ഞാനികൾക്കും ഇത് സദ്വാർത്തയാണ്. അവരുടെ കാഴ്ചയർപ്പണം തന്നെ അത് വ്യക്തമാക്കിത്തരുന്നു. ലോക രക്ഷകനായ യേശുവിന്റെ മുമ്പിൽ ജ്ഞാനികൾ സമർപ്പിച്ച കാഴ്ചകൾ സ്വർണ്ണം, കുന്തിരിക്കം, മീറ എന്നിവയായിരുന്നു. സ്വർണ്ണമെന്നത് രാജാക്കൻമാർക്കു സമ്മാനമായി നൽകിയിരുന്ന വസ്തുവാണ്. കുന്തിരിക്കമെന്നത് പുരോഹിത ന്മാർക്കുള്ള കാഴ്ച വസ്തുവാണ്, മീറയെന്നത് മരിച്ചുപോയവരുടെ ശരീരലേപന വസ്തുവാണ്. ഇവമൂന്നും കാഴ്ചയർപ്പണം നടത്തുന്നതു വഴി യേശുവിനെ രാജാവായും, ദൈവത്തെയും മനുഷ്യരെയും തമ്മിൽ ബന്ധിപ്പിക്കുന്ന മദ്ധ്യസ്ഥനായ പുരോഹിതനായും കൂടാതെ, യേശു ലോകത്തിന്റെ രക്ഷകനാകുന്നുവെന്നു വ്യക്ത മാകുന്നു.

ഇന്നത്തെ ലേഖനഭാഗം വിശുദ്ധ പൗലോസ് ശ്ലീഹാ ഹെബ്രായർക്ക് എഴുതിയ ലേഖനം 7-ാം അദ്ധ്യായം 14 മുതൽ 17 വരെയുള്ള വാക്യങ്ങളിൽ ഇപ്രകാരം കാണുന്നു, "മൽക്കിസദേക്കിന്റെ ക്രമപ്രകാരം എന്നേക്കും പുരോഹിതനാകുന്നുവെന്ന് അവനെക്കുറിച്ച് സാക്ഷ്യമുണ്ട്". പൗലോസ് ശ്ലീഹായും യേശു നിത്യപുരോഹിതനാണെന്ന് വ്യക്തമാക്കിത്തരുന്നു. തിരഞ്ഞെടുക്കപ്പെട്ടവർക്കു മാത്രമേ ദൈവപുത്രന്റെ ജനനം നേരിൽ കാണാൻ സാധിച്ചുള്ളൂ. ക്രിസ്തുവിന്റെ ജനനത്തിൽ എല്ലാവരും സന്തോഷിക്കുമ്പോൾ, ഹേറോദേസ് മാത്രം അസ്വസ്ഥനാകുന്നു. എല്ലാവരും സന്തോഷത്തോടെ ഉണ്ണിയെ കാണാൻ ആഗ്രഹിക്കുമ്പോൾ ശിശുവിനെ കൊല്ലാൻ ഹേറോദോസ് കരുതുന്നു. കാരണം, അവന് തന്റെ സിംഹാസനവും മറ്റു സുഖസൗകര്യങ്ങളും നഷ്ടപ്പെടുമോ എന്നുള്ള ഭയമാണ്. സുവിശേഷത്തിൽ നാം കാണുന്ന ധനികനായ യുവാവും തിരികെ പോകുന്നതും തന്റെ നഷ്ടപ്പെട്ടുപോകുന്ന ധനത്തെക്കുറിച്ചുള്ള അമിത വ്യഗ്രത കൊണ്ടാണ്. യൂദാസിന്റെ ജീവിതം ഒരു മുഴം കയറിൽ അവസാനിച്ചതും യേശുവിനെ സ്നേഹിക്കാൻ സാധിക്കാത്തതു കൊണ്ടാണ്. നമ്മുടെ പാപത്തിൽ നിന്നു മോചിപ്പിക്കുവാൻ, നമ്മോടു സ്നേഹമുള്ള രക്ഷകൻ മനുഷ്യനായി പിറന്ന ഈ തിരുന്നാളിൽ, അവിടുന്നു നമ്മോടു ചോദിക്കുന്നതും ഇത്രമാത്രം നീ എന്നെ സ്നേഹിക്കുന്നുവോ? ഓൺലൈൻ ആദ്ധ്യാത്മീകതയിൽ മുഴുകി ജീവിക്കാതെ ആരാധനാലയങ്ങളിൽ ചെല്ലുവാനും ബലിപീഠത്തിൽ ഭക്തിയോടെ കാഴ്ചയർപ്പിക്കുവാനും നമുക്കു സാധിക്കുന്നുണ്ടോ? എന്ന ചോദ്യവും ഈ ക്രിസ്തുമസ് ദിനം മുന്നോട്ട് വയ്ക്കുമ്പോൾ, രക്ഷകൻ നമുക്കു വേണ്ടിയാണ് ജനിച്ചതെന്നു സധൈര്യം പറയുവാനും സർവ്വ ജനങ്ങളോടൊപ്പം സന്തോഷം പങ്കിടുവാനും നമുക്കു പരിശ്രമിക്കാം.

# യൽദായ്ക്കു ശേഷം ഒന്നാം ഞായർ

ലൂക്ക 2:41-52

ബ്ര. മാർട്ടിൻ മാത്യു ഒ.ഐ.സി

യേശുവിന്റെ പന്ത്രണ്ടാം വയസ്സിൽ നടക്കുന്ന സംഭവമാണിത്, അവിടുത്തെ വരാനിരിക്കുന്ന ജീവിതത്തിന്റെ മുൻകൂർ സാക്ഷ്യവുമാണ് ഈ വേദഭാഗം സൂചിപ്പിക്കുന്നത്. വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ മാത്രമാണു കർത്താവിന്റെ ഈ ബാല്യകാലത്തിന്റെ കഥ കാണപ്പെടുന്നത്. അതോടൊപ്പം തന്നെ എത്രമാത്രം മഹനീയമായിരുന്നു യേശുവിന്റെ കുട്ടിക്കാലം എന്നുകൂടി സുവിശേഷകൻ നമ്മെ ഓർമ്മിപ്പിക്കുന്നു. ആദ്യത്തെ അദ്ധ്യായത്തിലാണ് യേശുവിന്റെ ദൈവാലയ സമർപ്പണം ജറുസലേമിൽ നടക്കുന്നത്. പിന്നീട് അതേ ദേവാലയത്തിലാണ് യേശുവിനെ കാണാതാകുമ്പോൾ കണ്ടെത്തുന്നതും. മുൻ വിവരണങ്ങളുമായി സമയത്തിന്റെ തുടർച്ചയില്ലെങ്കിലും ജറുസലേം ദേവാലയത്തിൽ നടക്കുന്നതുകൊണ്ട് ഇത് മുൻ സംഭവങ്ങളോടു ചേർന്നു പോകുന്നു.

49-ാം വാക്യത്തിൽ പറയുന്നതുപോലെ , "ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്നു നിങ്ങൾ അറിയുന്നില്ലേ" എന്നതു കർത്താവിന്റെ ആദ്യവചനങ്ങളായിട്ടാണു കാണപ്പെടുന്നത്. തന്റെ ദൈവപിതൃത്വത്തെക്കുറിച്ചും അതിനോടു ചേർന്നുള്ള ദൗത്യത്തെക്കുറിച്ചുമുള്ള യേശുവിന്റെ അവബോധമാണ് ഇവിടെ വ്യക്തമാകുന്നത്. യഹൂദ നിയമമനുസരിച്ച് സ്ത്രീകൾക്ക് പെസഹാ ആചരിക്കേണ്ട ആവശ്യകത ഇല്ലായിരുന്നു എന്നാൽ ജറുസലേമിന്റെ 20 മൈലിനുള്ളിൽ താമസിക്കുന്ന യഹൂദ പുരുഷന്മാർ വർഷം തോറും പെസഹായിൽ പങ്കെടുക്കേണ്ടതുണ്ട്. ഇവിടെ ജോസഫും മറിയവും ജറുസലേമിലേക്ക് ഈ യാത്ര നടത്തുന്നത് അവരുടെ അഗാധമായ ഭക്തിയെ സൂചിപ്പിക്കുന്നു. യഹൂദ പരമ്പര്യങ്ങളോടും ദേവാലയത്തോടും എത്രയധികം ആഭിമുഖ്യം പുലർത്തിയിരുന്നുവെന്നു വ്യക്തമാക്കുന്നു. യേശുവും ഈ അനുഷ്ഠാനങ്ങളിലാണു വളർന്നു വന്നത്. മറ്റൊരു യാഥാർത്ഥ്യമെന്നത് ആണ്ടുതോറും സ്വപ്രദേശമായ നസറത്തിൽ നിന്നു ജറുസലേമിലേക്കുള്ള യാത്ര 60 മൈലാണ്, (എകദേശം 100 km) അത്തരമൊരു യാത്ര അല്ലെങ്കിൽ തീർത്ഥാടനം വളരെയധികം സമയത്തിന്റെയും, പണത്തിന്റെയും പ്രതിബദ്ധത ഉൾപ്പെടുന്നു. ഇത് ഇവരുടെ യാഥാർത്ഥ ഭക്തിയുടെ പ്രവൃത്തിയാണ്. യേശുവിനെ കാണാതാകുമ്പോൾ അവർ വീണ്ടുമൊരു ദീർഘയാത്ര നടത്തുന്നതും വളരെ ചിന്തനീയമാണ്.

വചനം ധ്യാനിക്കുമ്പോൾ ജറുസലേം എന്ന പ്രദേശത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് വിശകലനം ചെയ്യുന്നത് അനിവാര്യമാണ്. കാരണം യേശുവിന്റെ സമർപ്പണവും പിന്നീട് കാണാതായപ്പോൾ കാണപ്പെടുന്നതും ജറുസലേമിൽ വെച്ചാണല്ലോ. തുടർന്നു വായിക്കുമ്പോൾ, കർത്താവിനു തന്റെ ഭാവി ശുശ്രൂഷയ്ക്കുള്ള ദൈവകൃപ ലഭിക്കുന്നത് ഈ സ്ഥലത്തു നിന്നാണ്, എന്നു പറയുവാൻ സാധിക്കും. പഴയ നിയമത്തിലൂടെ കടന്നു പോകുമ്പോൾ ജറുസലേമിന് ഒരു ആത്മീയമായ പ്രാധാന്യമുണ്ട് എന്ന് തിരിച്ചറിയണം. (സങ്കീർത്തനം 122:3 ) നാം കാണുന്നു, "നന്നായി പണിതിണക്കിയ നഗരമാണ് ജറുസലേം". അതുപോലെ "നിന്റെ മതിലുകൾക്കുള്ളിൽ സമാധാനവും സുരക്ഷിതത്വവും ഉണ്ടാകട്ടെ" (122:7). സഖറിയാ പ്രവാചകന്റെ പുസ്തകം 8-ാം അദ്ധ്യായത്തിൽ കാണുന്നത് സൈന്യങ്ങളുടെ കർത്താവ് ജറുസലേമിനെ വിശ്വസ്ത നഗരമായി വിളിക്കുന്നതും തന്റെ സമൃദ്ധമായ അനുഗ്രഹം കൊണ്ടു നിറയ്ക്കുന്നതുമാണ് (8:3-12). ആയതിനാൽ, സമാധാനത്തിന്റെ രാജാവായ യേശുവിനു കൃപ ലഭിക്കുന്നത് ഇവിടെ നിന്നാണ്.

തിരികെ മടങ്ങുമ്പോഴാണ് യേശുവിനെ കാണാതാകുന്നത്. എപ്രകാരമാണ് യേശുവിന്റെ അസാന്നിധ്യം അവർ അറിയാതെ പോയത് അല്ലെങ്കിൽ ഇത്രയും ദിവസത്തേക്കു ഭക്ഷണവും താമസവും എവിടെ കണ്ടെത്തുമെന്നത് ഒരു ചോദ്യമാണ്. എന്നാൽ ഈ ഉപമയുടെ ലക്ഷ്യമെന്നത്, ഒരു ബാലനായിരുന്നപ്പോൾ പോലും യേശു തന്റെ അതുല്യമായ വ്യക്തിത്വവും ദൗത്യവും മനസ്സിലാക്കിയിരുന്നുവെന്നത് വളരെ പ്രശംസനീയമാണ്. ദൈവമാതാവായിരുന്നിട്ടും യേശു പറഞ്ഞതു ഗ്രഹിക്കാൻ പരിശുദ്ധ മറിയത്തിനു കഴിഞ്ഞില്ല. എല്ലാ കാര്യവും വ്യക്തമായാലേ വിശ്വസിക്കു എന്നു ശഠിക്കുന്നവർക്കു യഥാർത്ഥ വിശ്വാസം എന്തെന്നു മറിയം വ്യക്തമാക്കിത്തരുന്നു. എല്ലാം ഹൃദയത്തിൽ സംഗ്രഹിക്കുമ്പോൾ, അമ്മയുടെ ദൈവത്തോടുള്ള തീവ്രമായ വിശ്വാസമാണ് കാണപ്പെടുന്നത്.

ഒരു പക്ഷേ യേശുവിനു തിരികെ തന്റെ മാതാപിതാക്കൾക്കൊപ്പം വരാമായിരുന്നു, അവരുടെ തലോടലുകൾകൊണ്ട് കഴിയാമായിരുന്നു. എന്നാൽ 12-ാം വയസ്സിൽ അറിഞ്ഞു കൊണ്ടുതന്നെ വഴി മാറിപ്പോയ യേശുവിനെയാണ് കാണുന്നത്. ഇവിടെയാണ് യേശു തന്റെ സുരക്ഷിത കേന്ദ്രത്തിൽ നിന്നു പുറത്തുവരുന്നതായി കാണുവാൻ സാധിക്കും. ഒഴുക്കിനെതിരെ നീന്തികൊണ്ട് കർത്താവ് തന്റെ ദൗത്യം മനസ്സിലാക്കുകയാണ്. കൂട്ടത്തോടൊപ്പം സഞ്ചരിക്കാൻ ആഗ്രഹിക്കുന്നവരാണ് നാം. എന്നാൽ ദൈവീക പദ്ധതി, എതിരെ സഞ്ചരിക്കുമ്പോഴാണ് സഫലമാകുന്നത്. ആണ്ടിലൊരിക്കൽ വന്ന് അനുഷ്ഠിച്ചു തീർത്തു പോകുന്ന വെറുമൊരു ആചാരമായി മാത്രം ഒതുങ്ങി നിൽക്കുന്നതായിരുന്നില്ല യേശുവിന്റെ ജീവിത ലക്ഷ്യം. ചില മുൻഗണനകൾ ജീവിതത്തിൽ ഉണ്ടാകുവാൻ യേശു പഠിപ്പിക്കുന്നു കാരണം മാതാപിതാക്കളെ

ക്കാൾ തന്റെ സ്വർഗ്ഗീയ പിതാവിന്റെ വേല നിറവേറ്റുവാനാണ് യേശു ഈ അവസരത്തിൽ നൽകുന്ന മുൻഗണന. വിശ്വസ്തത ഉള്ളതുകൊണ്ടാണ് ക്രിസ്തു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെ പ്രീതിയിലും ജീവിച്ചിരുന്നത്.ക്രിസ്തുവാകട്ടെ ദൈവത്തിന്റെ ഭവനത്തിൽ വിശ്വസ്തനായിരുന്നു (ഹെബ്രായർ 3:6) എന്നാണു പൗലോസ് ശ്ലീഹാ ആഹ്വാനം ചെയ്യുന്നത്. "യുവാക്കന്മാരെ നിങ്ങൾ ശ്രേഷ്ഠന്മാർക്കു വിധേയരായിരിക്കുവിൻ" (1 പത്രോസ് 5:5) എന്ന വചനത്തിന്റെ പരിപൂർണ്ണമായ പാലനമാണ് യേശു ഇവിടെ നടത്തുന്നത്. കുടുംബമാണ് ഒരു വ്യക്തിയെ സംബന്ധിച്ച് ലക്ഷ്യബോധം വളർത്തുന്ന ആദ്യത്തെ ആലയം. അതുകൊണ്ട് എളിമയുള്ളവനായി യേശു അവർക്ക് വിധേയനായി ജീവിച്ചു. എളിമയുള്ള ഈ കുടുംബമാണ് എല്ലാ കുടുബങ്ങൾക്കും മാതൃക. പ്രതിസന്ധിഘട്ടത്തിൽ പരസ്പരം പഴിചാരാതെ ഏകമനസ്സോടെ വർത്തിച്ച മാതാവും യൗസേപ്പും എല്ലാവർക്കും മാതൃകയാണ്.